അനാഥാലയങ്ങളിലെ വിദ്യാർത്ഥികളെ പുനരധിവസിപ്പിക്കുവാൻ നടപടി

26 [4894] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലെ വിദ്യാർത്ഥികളെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ;

(സി) അനാഥ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ—സി) അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്നവർക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നു. പ്രതിമാസം ഒരാൾക്ക് 125 രൂപ നിരക്കിലാണ് . ഇത് നൽകുന്നത്. കൂടാതെ അന്തേവാസികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കായി കലാകായിക മേളകൾ ജില്ലാ/സംസ്ഥാന തലത്തിൽ നടത്തുന്നുണ്ട്. അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സ്വന്തം കാലിൽ നിൽക്കാൻ ഉപയുക്തമായ രീതിയിൽ തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി

27 [4897] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) എങ്കിൽ എത്രയാക്കി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) എന്നു മുതൽ ഈ വർദ്ധന പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) നിലവിലുള്ള പെൻഷൻ തുകയായ 110 രൂപയിൽ നിന്ന് 10 രൂപ വർദ്ധിപ്പിച്ച് 120 രൂപ നൽകുന്നതിനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്. എന്നാൽ ഇത് എന്ന് മുതൽ നടപ്പിലാക്കണം എന്ന നിർദ്ദേശം പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly